പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1151 06.02.2020-ൽ മറുപടിയ്ക്ക്

# കോഴിക്കോട് നഗരത്തിലെ റോഡുകളുടെ വീതികൂട്ടുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിലെ ഏതെല്ലാം റോഡുകൾക്കാണ് സ്ഥലം ഏറ്റെടുത്ത് വീതികൂട്ടുന്നതിനായുള്ള പദ്ധതികൾ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചതെന്ന് വിശദമാക്കാമോ;<br><br>(ബി) ഈ റോഡുകളുടെ പേരും ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | (എ) & (ബി) | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) വിഭാഗത്തിന്റെ കീഴിൽ കോഴിക്കോട് നഗരത്തിലെ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനായുള്ള പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**പദ്ധതിയുടെ പേര്**<br>1.പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ്.<br>2. തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ്.<br>3. അരയിടത്തുപാലം - കാരന്തൂർ റോഡ്.<br>4. പുളിമുട്ട് - വട്ടക്കിണർ റോഡ്.<br>5. ചെറുവണ്ണൂർ -കൊളത്തറ റോഡ്.<br>6. ചെറുവണ്ണൂർ - ബേപ്പൂർ റോഡ്.<br><br>**വിശദാംശങ്ങൾ**<br>1. പുതിയങ്ങാടി - മാളിക്കടവ് -കൃഷ്ണൻനായർ റോഡ്.<br>സ്ഥലമേറ്റെടുക്കുന്നതിനും പ്രവൃത്തിയ്ക്കുമായി 155.45 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2.തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ്.<br>അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. ഈ റോഡിന്റെ ലാന്റ് അക്വിസിഷന് 20 കോടിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ പ്ലാൻ കോഴിക്കോട് കളക്ടർക്കും, കിഫ്ബി എൽ.എ ടീമിനും നൽകിയിട്ടുണ്ട്.<br>3. അരയിടത്തുപാലം - കാരന്തൂർ റോഡ് |

മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ സ്ഥലം ഏറ്റെടുക്കുന്നതിന് 205 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. എൽ.എ പ്ലാൻ കോഴിക്കോട് കളക്ടർക്കും, കിഫ്ബി എൽ.എ ടീമിനും നൽകിയിട്ടുണ്ട്.

4. പുളിമൂട്ട് - വട്ടക്കിണർ റോഡ്

ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

5. ചെറുവണ്ണൂർ - കൊളത്തറ റോഡ്.

എൽ.എ നടപടികൾ പുരോഗമിച്ചു വരുന്നു.

6. ചെറുവണ്ണൂർ- ബേപ്പൂർ റോഡ്: ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കോഴിക്കാട് നഗരപാത വികസന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന റോഡുകളാണ് സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് പദ്ധതികൾ സർക്കാരിലേക്ക് സമർപ്പിച്ചത്.

I. ഒന്നാം ഘട്ട പദ്ധതി - എ

1. സ്റ്റേഡിയം - പുതിയറ റോഡ്.
2. കാരപ്പറമ്പ് - കല്ലുത്താൻ കടവ് റോഡ്
3. വെള്ളിമാട്കുന്ന് - കോവൂർ റോഡ്
4. ഗാന്ധിറോഡ് - മിനി ബൈപ്പാസ് റോഡ് കുനിയിൽകാവ് -മാവൂർ റോഡ് ജംഗ്ഷൻ
5. പനാത്ത് — താഴം - സിഡബ്ല്യു ആർഡിഎം റോഡ്
6. പുഷ്പ — മാങ്കാവ് ജംഗ്ഷൻ റോഡ്
7. മാനാഞ്ചിറ — വെള്ളിമാട്കുന്ന് റോഡ്

II. ഒന്നാം ഘട്ട പദ്ധതി -ബി

മാനാഞ്ചിറ — വെള്ളിമാട്ടുകുന്ന് റോഡ്

III. മനത്താനത്തുത്താഴം ജംഗ്ഷൻ വികസനം.

വിശദാംശങ്ങൾ

I ഒന്നാം ഘട്ട പദ്ധതി - എ

| പേര് | നീളം |
|---|---|
| 1.സ്റ്റേഡിയം - പുതിയറ റോഡ് (രണ്ട് വരി പാത) | - 0.644 -കി.മീ. |
| 2. കാരപ്പറമ്പ് - കല്ലുത്താൻ കടവ് റോഡ് (നാല് വരി പാത) | - 4.526 കി.മീ. |
| 3. വെള്ളിമാട്കുന്ന്-കോവൂർ | -2.735 കി.മീ. |

റോഡ്(രണ്ട് വരി പാത)

4. ഗാന്ധിറോഡ് - മിനി- -2.751 കി.മീ.
ബൈപ്പാസ് റോഡ് (രണ്ടു
വരി പാത)

കനിയിൽകാവ്-
മാവൂർ റോഡ് ജംഗ്ഷൻ - 0.678 കി.മീറ്റർ

5. പനാത്ത് താഴം സി.ഡബ്ലിയു -8.459 കി.മീ.
ആർഡിഎം റോഡ് (രണ്ടു
വരി പാത)

6. പുഷ്പ — മാങ്കാവ് ജംഗ്ഷൻ -2.452 കി.മീ.
റോഡ്(രണ്ട് വരി പാത)

--------------------

22.25 കി.മീറ്റർ

=============

മേൽ പ്രസ്താവിച്ച റോഡുകളുടെ സ്ഥലം ഏറ്റെടുത്ത് പൂർത്തിയാക്കി ഡി.ബി.എഫ്.ഒ.റ്റി അടിസ്ഥാനത്തിൽ പദ്ധതി 5/01/2016 ൽ ആരംഭിച്ചു. 15/12/2017 ൽ നിർമ്മാണം പൂർത്തിയാക്കി അതിനുശേഷം 15 വർഷത്തെ പരിപാലന കാലാവധിയിലാണ്.

II.ഒന്നാം ഘട്ടപദ്ധതി - ബി

മാനാഞ്ചിറ — വെള്ളിമാട്കുന്ന് റോഡ് - 8.4 കിലോ മീറ്റർ (നാല് വരി പാത)

ഈ പ്രവൃത്തിക്ക് അൻപത്തി രണ്ട് കോടി രൂപയുടെ ഭൂമി ഏറ്റെടുക്കുന്നതിന് ജി.ഒ(ആർ.ടി) നമ്പർ 1523/2008/പി.ഡബ്ല്യു.ഡി. തീയതി - 08/09/2008 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു വരികയാണ്. ഇത് പ്രകാരം നൂറ്റി പത്ത് കോടി രൂപയുടെ ഫണ്ട് ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതിക്ക് ഭൂമി പൂർണ്ണമായും ഏറ്റെടുക്കുന്നതിന് 344.5 കോടി രൂപ ആവശ്യമാണെന്ന് കണ്ടെത്തുകയും ബാക്കി തുകയുള്ള 234.5 കോടി രൂപക്ക് ജി.ഒ(ആർ.ടി) നമ്പർ 1796/2018/പി.ഡബ്ല്യു.ഡി. തീയതി 19/11/2018 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഈ ഉത്തരവിന് ശേഷം അൻപത് കോടി രൂപ അനുവദിച്ച് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ബാക്കി 184.5 കോടി രൂപ കൂടി അനുവദിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പുതുക്കിയ

ഭരണാനുമതിയിൽ ഈ തുക അടുത്ത മൂന്ന് സാമ്പത്തിക വർഷത്തിൽ അനുവദിക്കാനാണ് ഉത്തരവായിട്ടുള്ളത്.i

III മനത്താനത്തുത്താഴം ജംഗ്ഷൻ വികസനം

01/09/2017 ലെ സ.ഉ(സാധാ) നമ്പർ 1335/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം സി.ഡബ്ല്യൂ.ആർ.ഡി.എം. - പനത്തുത്താഴം റോഡിൽ മനത്താനത്തുത്താഴം ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട direct purchase മുഖേന 3.50 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

റിക്ക് ലിമിറ്റഡിന്റെ കീഴിൽ കോഴിക്കോട് - ബാലുശ്ശേരി റോഡ് (20.320 കി.മീ) സ്ഥലമേറ്റെടുത്ത് പുനരുദ്ധാരണം ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ 424.87 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 3.26 കോടി രൂപക്ക് 06/05/2018 ലെ സ.ഉ.(സാധാ) നം. 803/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ 6 (1) നോട്ടിഫിക്കേഷൻ ഗസ്റ്റ് നമ്പർ 1569 പ്രകാരം 12.07.2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. റവന്യൂ വകുപ്പുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചു 06.11.2019 ലെ സർക്കാർ ഉത്തരവ് നമ്പർ 76/2019/ആർ.ഡി പ്രകാരം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ